

# ദർപ്പണം

## ജി എച്ച് എസ് എസ് പെരിങ്ങോട്ടുകുറുശ്ശി

# മാഗസിൻ 2020

# ആമുഖം

അക്ഷരങ്ങളും വായനയും അന്യം നിന്നുപോകുന്ന ഈ കാലത്ത് മനസ്സിലെ ചിന്തകളെ കോറിയിടാൻ പുതിയ ഒരു വേദിയായി മാറുന്ന ഡിജിറ്റൽ എഴുത്തുപുരകൾ. ബാല്യത്തിന്റെ നിഷ്കളങ്കതയും കൗമാരത്തിന്റെ ആകുലതകളും സർഗാത്മകമാക്കിയ ഒരു ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.....

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## (2019-21)

## ജി എച്ച് എസ് എസ് പെരിങ്ങോട്ടുകുറിശ്ശി



## ഞങ്ങളുടെ വിദ്യാലയം



**ഉള്ളടക്കം**

ആമുഖം........ 2
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്........ 3
ആശംസ........ 5
എന്റെ യാത്ര - വിശേഷങ്ങൾ........ 6
ദയ........ 7
........ 7
ഷീലയും മരവും........ 8
രാത്രി........ 11
കേരളനാട്........ 12
മറക്കാനാവാത്ത കന്യാകുമാരി........ 13
ക്ലാവ്........ 16
അമ്മ........ 17
പ്രളയത്തിൽ ഒലിച്ച് പോയ വർഗ്ഗീയത........ 18
ഞാൻ മറന്ന മണൽത്തരികൾ........ 26
ശിശിരം വസന്തമായപ്പോൾ........ 27
........ 28
സൗഹൃദം........ 29
തൊഴിലിനോടുള്ള മനോഭാവം........ 30
മാതാവ്........ 31
ജീവിതം........ 33
എന്റെ അമ്മ........ 34
CHILD MARRIAGE........ 35
........ 36
........ 36
RAINBOW........ 37
POCSO........ 39
നന്ദി........ 47

# ആശംസ



കുരുന്നു കലാകാരന്മാരുടെ സർഗാത്മകസംരംഭത്തിന്

ഹൃദയം നിറഞ്ഞ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട് എല്ലാ

ആശംസകളും നേരുന്നു.

സ്നേഹത്തോടെ

സുധ.സി


# എന്റെ യാത്ര - വിശേഷങ്ങൾ

എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത യാത്രയുണ്ടായിരുന്നു. ഒരു സന്തോഷകരമായ യാത്ര.

എന്തു രസമായിരുന്നെന്നോ.അന്ന് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസമായിരുന്നു.ഞാൻ മലമ്പുഴ പോയ ദിവസം.അവിടത്തെ വർണ്ണാഭമായ പൂന്തോട്ടവും,കുട്ടികൾക്കു കളിക്കാനായി ഒരുക്കിയ സൗകര്യങ്ങളും, ജലസംഭരണിയും എല്ലാം എന്നെ വളരെയധികം ആകർഷിച്ചു.ഞങ്ങൾ ഒരുപാടു സമയം അവിടെ ചിലവഴിച്ചു.രാത്രിയായപ്പോൾ എങ്ങും ദീപങ്ങൾ കൊണ്ട് അലംകൃതമായി.പല വർണ്ണങ്ങളിലുള്ള ദീപങ്ങളുടെ പ്രഭയിൽ ആ ഉദ്യാനത്തിന്റെ ഭംഗി പതിൻമടങ്ങു വർദ്ധിച്ചു.ഒടുവിൽ വളരെ വിഷമത്തോടെയെങ്കിലും ഞങ്ങൾ ആ ഓർമ്മകളെ താലോലിച്ച് തിരികെ വന്നു..

മുഹമ്മദ് ഹനീഷ്

# ദയ



വരുമെന്നോതാൻ മറന്നതാണെന്നുകരുതി
ഈ ജനലഴിക്കപ്പുറം ദയ കാത്തിരുന്നു
വേഴാമ്പലിന്റെ കാത്തിരിപ്പിനോട്
പുകച്ചീളുകൾക്കുമുമ്പിൽ അച്ഛനെ ചോദിച്ചപ്പോൾ
തരാതിരുന്നതോ ഈശ്വരന്റെ ദയ?
വിധവയുടെ മാതൃത്വത്തിന് സദാചാരം
കാവൽ നിർത്തുന്നതോ മനുഷ്യന്റെ ദയ?
വരുമെന്നോതാൻ മറന്നതാണെന്നു കരുതി
അറിവില്ലായ്മക്കപ്പുറം ദയ കാത്തിരുന്നു..

ശ്രീലക്ഷ്മി എസ്
10 എ

GHSSPKI

# ഷീലയും മരവും

അവൾ അന്ന് മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന സമയം ഷീല,ആ നിഷ്കളങ്കയായ പെൺകുട്ടിയുടെ മുഖം തെളിഞ്ഞു നിന്നിരുന്നു. അവൾക്ക് കഥകൾ കേൾക്കാൻ ഇഷ്ടമായിരുന്നു.അമ്മ അവൾക്ക് ഉറങ്ങാനായി കഥ പറഞ്ഞു കൊടുക്കാറുണ്ടായിരുന്നു.അച്ഛൻ വിദേശത്ത് ജോലി ചെയ്യുകയാണ്.അവൾക്ക് ഒരു ചേട്ടനുണ്ട്.ചേട്ടൻ അവളെ ജീവനു തുല്യം സ്നേഹിച്ചിരുന്നു.ചേട്ടൻ ഇപ്പോൾ എട്ടാം ക്ലാസ്സിൽ പഠിക്കുന്നു.ചേട്ടനും അനിയത്തിയും മത്സരിച്ച് പഠിക്കാറുണ്ട്.അവൾ വീട്ടിൽ വന്നാൽ സ്കൂൾ വിശേഷങ്ങളെല്ലാം അമ്മയോട് പറയുമായിരുന്നു.

അന്ന് ജൂൺ 5 ലോകപരിസ്ഥിതി ദിനം.അവൾ അമ്മയോട് സ്കൂൾ വിശേഷങ്ങൾ പറയാൻ തുടങ്ങി.എന്നത്തെയും പോലെ അമ്മയുടെ പിന്നാലെ നടന്ന് പറയേണ്ടി വന്നില്ല.അമ്മ അവളുടെ കൂടെ ഇരുന്നു പറഞ്ഞ കാര്യങ്ങളെല്ലാം കേട്ടു.അവൾ പറഞ്ഞതിപ്രകാരമായിരുന്നു."അമ്മേ, ഇന്നു രാവിലെ സ്കൂളിൽ അസംബ്ലിയുണ്ടായിരുന്നു.ചേച്ചിമാരും ചേട്ടൻമാരും വന്ന് പരിസ്ഥിതി ദിനത്തെ കുറിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു.ഞാൻ എല്ലാം ശ്രദ്ധിച്ച കേട്ടു ട്ടോ!'' സ്കൂളിൽ നടന്ന ഓരോ കാര്യങ്ങൾ പറയുമ്പോഴും അമ്മ ഒന്നു മൂളും.അവൾ വീണ്ടും തുടർന്നു. എല്ലാം പറഞ്ഞു കഴിഞ്ഞ ശേഷം അവൾ ഒരു വൃക്ഷത്തൈ എടുത്ത് അമ്മയുടെ നേരെ നീട്ടി.

എന്നിട്ട് പറഞ്ഞു അമ്മേ ഇന്ന് സ്കൂൾ വിട്ടപ്പോൾ സ്കൂളിലേക്ക് ഷാഹിനയുടെ ഉപ്പ വന്നിരുന്നു.അപ്പോൾ അവൾ അവൾക്ക് കിട്ടിയ തൈ ഉപ്പയ്ക്ക് കാണിച്ചു കൊടുത്തിട്ട് ചോദിച്ചു.ഉപ്പാ ഇതേതാ തൈ? അവളുടെ ഉപ്പ പറഞ്ഞു ഇതു ഞാവലാണ്..അപ്പോഴേക്കും ഞാനവിടേക്ക് ചെന്നിട്ട് ചോദിച്ചു അങ്കിളേ ഇതേതാ തൈ?അപ്പോൾ ആ അങ്കിൾ പറഞ്ഞു.

ഇതു വാക...... ഇതിൽ മഞ്ഞയും ചുവപ്പും നിറത്തിലുള്ള പൂക്കളുണ്ടാവും.ഇതെല്ലാം പറഞ്ഞതിനു ശേഷം അവൾ അമ്മയോടു ചോദിച്ചു.അമ്മേ ഞാനീ മരം മുറ്റത്തു നട്ടോട്ടെ?ഉം..ആ തെക്കു ഭാഗത്തു നട്ടോളൂ ട്ടോ...

അവൾ ആ മരം അവിടെ നട്ടു.പിന്നെയുള്ള ദിവസങ്ങളിൽ ആ വീട്ടിൽ ഒരംഗം തന്നെയായിരുന്നു ആ വൃക്ഷത്തൈ. അവൾ അതിനെ നന്നായി ശുശ്രൂഷിച്ചു. അവൾ ഭക്ഷണം കഴിക്കുമ്പോൾ വൃക്ഷത്തിനും വെള്ളമൊഴിച്ചു കൊടുക്കും.അവൾ വൃക്ഷത്തിനോട് സംസാരിക്കും.അവൾക്ക് ആ വൃക്ഷത്തെ വളരെ ഇഷ്ടമായി അവളുടെ കൊച്ചനുജത്തിയായികണ്ട ആ വൃക്ഷത്തിന് അവൾ ഒരു പേരിട്ടു. അവൾ ആ വൃക്ഷത്തിനടുത്തു ചെന്നു. എന്നിട്ട് പതുക്കെ പറഞ്ഞു വീനസ്... സ്നേഹത്തിന്റെ ദേവത "the god of love”.

പിന്നീടവൾ വളരുന്നതിനോടൊപ്പം അവളുടെ കൊച്ചനുജത്തി വീനസ്സും വളർന്നു. അവളുടെ അനിയത്തിയായിത്തന്നെ

GHSSPKI

അവൾ വീനസ്സിനോട് സംസാരിക്കും.വീനസ്സിന്റെ ചില്ലയിൽ ആദ്യമായി ഒരു പൂവ് പൂത്ത ദിവസം അവൾ അച്ഛനെ വിളിച്ചു."അച്ഛാ.. ഇന്ന് വീനസ്സിന്റെ ചില്ലയിൽ ഒരു പൂവ് പൂത്തു".

ഇതുവരെ കാണാത്തൊരാഹ്ളാദംഅവളുടെകണ്ണുകളിൽ അന്ന് കണ്ടിരുന്നു.പിന്നെ വീനസ്സ് പൂത്തുലഞ്ഞ് ആ വീടിന് ഒരു അലങ്കാരമായി. ചുവപ്പും മഞ്ഞയും നിറത്തിലുള്ള പൂക്കൾ നടവഴികൾക്ക് ഒരലങ്കാരമായി.വർഷങ്ങൾക്കുശേഷം ഷീലയുടെ പഠിപ്പ് കഴിഞ്ഞു.അന്ന് വീനസ്സ് ഒരു വലിയ മരമായി തീർന്നിരുന്നു.എന്നിട്ടും അവൾ അതിനോട് സംസാരിക്കുമായിരുന്നു.

തുടർന്ന് അവൾക്ക് വന്ന ഒരു മാറ്റം,അവൾ ധാരാളം ചെടികളും മരങ്ങളും എല്ലാം വച്ചു പിടിപ്പിച്ചു. ഇപ്പോൾ അവളിൽ നിന്ന് അന്യമായി ഒന്നും തന്നെയില്ല.. പുല്ലും പുഴുവും മാമരങ്ങളും ജന്തുമൃഗാതികളും സാഗരവും പർവ്വതവും നക്ഷത്രകോടികളും പ്രപഞ്ചത്തിലെ പച്ചപ്പും എല്ലാം ഇപ്പോൾ അവൾ സ്നേഹിക്കുന്നവയാണ്. പിന്നെ അവൾ ഇപ്പോൾ ഒരു സഞ്ചാരിയാണ്.ഗ്രാമങ്ങളിലും കാടുകളിലും പുഴകളിലും മലകളിലും എല്ലാം അവൾ സഞ്ചരിക്കാറുണ്ട്.അവളുടെ പ്രകൃതിസ്നേഹത്തിന് തുടക്കം കുറിച്ച ആ വാകമരം ഇന്നും ആ വീടിന് ഒരലങ്കാരമായി അവിടെ നിൽക്കുന്നു.

വിധുപ്രിയ.എച്ച്

7D

# രാത്രി

ജീവിതത്തിൽ ഇരുൾ വീണ ദിനങ്ങളിൽ

മാതൃത്വത്തിന്റെ സാന്ത്വനമേകിയെന്നെ

താലോലിച്ച രാത്രി......

അല്ലയോ നിശാശലഭമേ നീ,

ഭംഗി പകർന്നില്ലയോ നിശീഥിനിക്ക്....

അല്ലയോ നിശാപുഷ്പങ്ങളേ നിങ്ങൾ

പകർന്നയാ ഗാനമതിൽ മയങ്ങീ ഞാൻ....

ശശിബിംബത്താൽ വർണ്ണാഭമായി

അവളെൻ അരികിലെത്തി......

അമ്മതൻ സ്നേഹത്താലെന്നെ പൊതിഞ്ഞു..

അപ്പോൾ ഞാനെൻ വൈഷമ്യങ്ങളെ

എന്നേക്കുമായി മറന്നു......

ഗൗരി നന്ദന ഡി



# കേരളനാട്

കേരളമേ....
പരശുരാമൻ വാർത്തെടുത്ത
കേരളമേ.....
മാവേലി വാണിരുന്ന
കേരളമേ....
പഴശ്ശിരാജ സ്നേഹിച്ച
കേരളമേ....
ഹരിതഭംഗിയിൽ വിളയാടിടുന്ന
കേരളമേ....
കേരവൃക്ഷങ്ങൾ തിങ്ങിവളരുമെൻ
കേരളമേ....
നീയെന്നും മലയാളിതൻ
അഭിമാനം.....

ശ്രീനന്ദന ഡി

# മറക്കാനാവാത്ത കന്യാകുമാരി

എൻെറ ആദ്യയാത്ര.7 വയസ്സാണ് അന്നെനിക്ക്... എവിടേക്കാണെന്നറിയേണ്ടേ? കേരളത്തിൻെറ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന തിരുവനന്തപുരവും,കന്യാകുമാരിയുമാണ് ഞങ്ങളുടെ

ലക്ഷ്യം.പുലർച്ചെ 4 മണിക്ക് തുടങ്ങിയ യാത്ര.ഞങ്ങളുടെ വണ്ടിയിൽ തന്നെയാണ് പോയത്. 11 ആളുകളുള്ള ആ യാത്രയിൽ 6 കുട്ടികളും 5 മുതിർന്നവരുമാണ് ഉള്ളത് .ഏറ്റവും ചെറുതാണ് ഞാൻ. യാത്ര തുടങ്ങുവാൻ എല്ലാവരും വണ്ടിയിൽ കയറി. യാത്ര തുടങ്ങി. സൂര്യൻ മെല്ലെ മെല്ലെ ഉദിക്കാൻ തുടങ്ങി.അതിൻെറ ചെറിയ വെളിച്ചവും,കടകളുടെ മുന്നിലുള്ള ചെറിയ ലൈറ്റും ഹാ.......എന്തു മനോഹരം ..

കുറേ ദൂരം കഴിഞ്ഞപ്പോൾ റോഡുകളിൽ തിരക്ക് അനുഭവപ്പെട്ടു. ജോലിക്ക് പോകുന്നവരുടെയും,ശുചിത്വത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ സ്ത്രീകളും,വാഹനങ്ങളുടെ ശബ്ദവും ആകെ കലപില എന്നായി. പൂക്കടയിലെ സുഗന്ധം എന്നെ വല്ലാതെ ആകർഷിച്ചു.കാരണം പൂക്കൾ എനിക്ക് വളരെ ഇഷ്ടമാണ്. എല്ലാവരും ഉറങ്ങാൻ തുടങ്ങി.അപ്പോൾ എൻെറ വല്ല്യച്ഛൻ വണ്ടിയിൽ പാട്ടു വച്ചു.പാട്ടും ഡാൻസുമായി യാത്ര തുടർന്നു. സൂര്യൻ മുഴുവനായും

കത്തിജ്വലിച്ചു.പിന്നെ ഭക്ഷണം കഴിച്ചു.ചപ്പാത്തിയും കറിയും ഞങ്ങൾ കരുതിയിരുന്നു.ഭക്ഷണവും കഴിച്ച് ഞങ്ങൾ യാത്ര തുടങ്ങി.വെയിൽ വന്നപ്പോൾ എല്ലാവരും പതുക്കെ മയങ്ങി.പിന്നെ ഉണർന്നു.

ശ്വസിക്കുമ്പോൾ  മണലിൻെറയും,മത്സ്യങ്ങളുടെയും മണം.അപ്പോൾ എല്ലാവരും കടൽ കാണാൻ പോകാം എന്നു പറഞ്ഞ് കടൽ കാണാൻ പോയി.കുറേ നേരം കടലിൽ കളിച്ചു.വീണ്ടും യാത്ര തുടങ്ങി.പിന്നെയും കുറേ നേരം കടലിൽ കളിച്ചു.വീണ്ടും യാത്ര തുടങ്ങി.പിന്നെയും കുറേ കാഴ്ച്ചകൾ കണ്ടു.രാത്രി ആയപ്പോൾ കന്യാകുമാരിയിൽ എത്തി.ഞങ്ങൾ എത്തുമ്പോഴേക്കും സൂര്യാസ്തമനം കഴിഞ്ഞു.ഒരു റൂം എടുത്ത്  ഫ്രഷ് ആയി.ഭക്ഷണം കഴിച്ച്  ഒന്നു കറങ്ങി അടിച്ചു.കുറച്ച്  സാധനങ്ങൾ  വാങ്ങി.തിരിച്ച് റൂമിലേക്ക് വന്നു.കിടന്നുറങ്ങി.

രാവിലെ 5 മണിക്ക് എഴുന്നേറ്റു.പ്രഭാതകൃത്യങ്ങൾ ചെയ്തു.പുറത്തിറങ്ങിയതും നല്ല തണുപ്പ്.പിന്നെ സൂര്യോദയം നടക്കുന്ന കടലിൻെറ അടുത്തെത്തി.കടലിൽ നിന്ന് ചെങ്കൊടി നിറത്തിൽ സൂര്യൻ ഉദിച്ചു വന്നു.സൂര്യൻെറ വെളിച്ചവും ഫോണിൻെറ ഫ്ലാഷും എല്ലാം കൊണ്ടും മനോഹരമായ കാഴ്ച്ചയാണ്.അതു കഴിഞ്ഞ് ശുചീന്ദ്രത്തു പോയി.ഹനുമാൻെറ അമ്പലമാണ്.പക്ഷേ,അതെന്നെ ആകർഷിച്ചില്ല.

വിവേകാനന്ദസ്വാമി ക്ഷേത്രത്തിലേക്കു പോയ അനുഭവം, ഒന്നു വേറെ തന്നെയാണ്.കടലിൽ സ്ഥിതി ചെയ്യുന്ന അമ്പലം.ബോട്ടിലാണ്പോയത്.തിരമാലകളുടെ വരവിൽ ബോട്ടുകൾ ആടി ഉലയാൻ തുടങ്ങി.പോയതും വന്നതും ബോട്ടിലാണ്.പിന്നെ ഒരു കടലിൽ കൂടി പോയി.അവിടെ മത്സ്യത്തൊഴിലാളികളുടെ തിരക്ക്.അവർ കടലിലേക്ക്

ഇറങ്ങുന്നതും മത്സ്യത്തൊഴിലാളികൾ വരുന്നതും കണ്ടു.പല വലുപ്പത്തിലും പേരിലുമുള്ള മത്സ്യങ്ങൾ.

പിന്നെ കുറേ നേരം കടലിൽ കളിച്ചു.തിരമാല കരയിലേക്ക് വരുന്നത് കണ്ടാൽ ഞങ്ങൾ ഓടി വരും.പിന്നെ തിരമാലകൾക്കൊപ്പം വീണ്ടും കടലിലേക്ക്,കടലിൽ കളിച്ചപ്പോൾ സമയം പോയതറി ഞ്ഞില്ല.ഡ്രസ്സിലും,ദേഹത്തുംഎല്ലാം നല്ല കനം.

പിന്നെഫുഡ് കഴിക്കാൻ പോയി.റൂമിൽ തിരിച്ചു വന്ന് കുട്ടികളെല്ലാം ഡ്രസ്സ് മാറ്റി.കളിപ്പാട്ടങ്ങളും,വളയും,മാലയും എല്ലാം വാങ്ങാൻ പോയി.വാങ്ങി തിരിച്ചുവന്ന് ഗാന്ധി പാർക്കിൽ പോയി.വാങ്ങി തിരിച്ചു വന്ന് റൂമിലേക്ക്.

സാധനങ്ങൾ വണ്ടിയിൽ കൊണ്ടു വന്നു വയ്ക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾക്കു വിഷമമായി.ഞങ്ങൾ തിരിച്ചു പോകണ്ടാ എന്നു പറഞ്ഞ് കുറേ വാശി പിടിച്ചു.വേറെ ഒരു ദിവസം വരാ എന്നു പറഞ്ഞ് ഞങ്ങളെ സമാധാനിപ്പിച്ചു.കണ്ട കാഴ്ച്ചകൾ പിന്നെയും കാണാൻ തുടങ്ങി.യാത്ര അവസാനിച്ചു.പിറ്റേ ദിവസം രാത്രി തിരിച്ച് പെരിങ്ങോട്ടുകുറുശ്ശിയിൽ എത്തി.

ഇനിയും തുടരും......................

*അതുല്ല്യ മണികണ്ഠൻ*
9 ബി


# ക്ലാവ്

വീട്ടിലെ വിളക്കിനു ക്ലാവ് പിടി-
ച്ചെന്നു പറഞ്ഞയാൾ അതി-
നെയൊരു മൂലക്കെടുത്തു വച്ചു.
പിന്നീടതു നരച്ചെന്നു പറഞ്ഞയാൾ
എടുത്തു വിൽക്കാനൊരുങ്ങവെ
വിലക്കാരും എടുക്കാത്തതിനാലാവണം
അതിനെ വിലക്കെടുത്തു കളഞ്ഞയാൾ..
ഓർത്തില്ലയാൾ അത് ക്ലാവ് പിടിച്ചത്
രാപ്പകലില്ലാതെ തനിക്കായ്-
എരിഞ്ഞതിനാലാണെന്ന്
അറിഞ്ഞില്ലയാൾ തൻ മുടിയിഴക്കുള്ളിലൂടെ
ക്ലാവ് പിടിച്ച് തുടങ്ങിയിരുന്നത്.

മിഥുൻ .വി.എം
6 D

GHSSPKI

# അമ്മ



എനിക്കായ് മാത്രം ജനിച്ചവൾ
എനിക്കായ് മാത്രം ജീവിച്ചിരിപ്പവൾ
എന്റെ ജീവനുവേണ്ടി കേഴുന്നവൾ
എന്റെ വെളിച്ചം നീ
എന്റെ സ്വപ്നം നീ
എന്റെ പ്രാണൻ നീ....
എൻ നിലവിളക്കു നീ
ആരാണ് എൻ പ്രിയ സഖി.....
ആരു സ്നേഹിച്ചാലും
ആരു പിണങ്ങിയാലും
ആരു തടുത്താലും
ആരു തലോടിയാലും
ആർക്കുവേണ്ടെങ്കിലും
നിനക്കരികിൽ
രാവിലും പകലിലും
മരണം വരെ......
ഞാനുണ്ട് കൂടെ....
താങ്ങായ് ....തണലായ്....

മിഥുൻ.വി.എം
6.D

GHSSPKI

# പ്രളയത്തിൽ ഒലിച്ചു പോയ വർഗ്ഗീയത


വർഗ്ഗീയതയും സാമുദായിക ധ്രുവീകരണവും അതിന്റെ പാരമ്യത്തിൽ തിളച്ച് പൊന്തി നിൽക്കുകയായിരുന്ന കുറച്ചധികം നാളുകളായി കേരളത്തിൽ..

വൈരത്തിന്റേയും വിദ്വേഷത്തിന്റേയും ആ കാളകൂടം കഠിന മഴയിൽ ഒലിച്ചു പോകുന്ന സന്തോഷ നിമിഷങ്ങളാണ് പിന്നീട് നാം കണ്ടത്.

കഴുത്തറ്റം വെള്ളത്തിൽ മരണവുമായി മല്ലിടുന്നവരെ രക്ഷപ്പെടുത്താനോ അവർക്ക് ഒരുപിടി ആഹാരം നൽകാനോ മതമോ ജാതിയോ തടസ്സം നിൽക്കരുത് എന്നതാണ് പ്രളയം നൽകുന്ന പ്രഥമ പാഠം....

സുഖസൗകര്യങ്ങളുടെ ശീതളിമയിൽ ഓൺലൈനിൽ ഇരുന്ന് ദിവസേന നാലും അഞ്ചും തവണ വർഗീയത പൊടിയായും കഷായമായും സിറപ്പായും സേവിച്ചിരുന്നവർ മസ്തകത്തിനു കിട്ടിയ പ്രഹരത്തിന്റെ ഷോക്കിൽ എല്ലാം മറന്ന് മതിലുകളില്ലാത്ത മനുഷ്യ സ്നേഹം കാഴ്ചവെച്ച ഈ സുന്ദര നിമിഷങ്ങൾ നിലനിർത്താൻ നമ്മൾ മലയാളികൾക്ക് ബാധ്യതയുണ്ട്.

GHSPKI



വീണ്ടെടുക്കാം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ഒന്നിച്ച്,

കൈകൾ കോർത്ത്...ജാതി മത വർഗ്ഗഭേദമില്ലാതെ....

അമല സി

7 എ

GHSS PKI

# ചായക്കൂട്ട്








Sreenandha.T.R
9-D


Anisha.R
9-D


ANISHA-R
9-B


Muhammed
Shahabi






By
Vismaya.S
7th.D


Sreenandha.T.R
9-D


9th-D Vidhu Krishna. V

# ഞാൻ മറന്ന മണൽത്തരികൾ

നിമിഷങ്ങളെ വാക്കുകളാക്കാൻ കഴിയില്ലായിരിക്കാം

എന്നാൽ ഓർമ്മകളെ കവിതകളാക്കാം...

അതും വാക്കുകളില്ലാതെ....

ഞാൻ മറന്നുവച്ച ഓർമ്മകളാണ് എൻെറ കവിതകൾ

എൻെറ സൗഹൃദം...

നിഴലിനോട്  പൊരുതിയ ഒരു കാവ്യത്തിൽ ഞാൻ

കൂട്ടി ചേർക്കാൻ മറന്ന ഒരു വാക്ക്

മാത്രമായിരുന്നോ  സൗഹൃദം

ശ്രീലക്ഷ്മി എസ്

10 എ

GHSPKI

# ശിശിരം വസന്തമായപ്പോൾ

മണൽത്തരികൾ ഇല്ലാത്ത കടലോരവും

നിറങ്ങൾ ഇല്ലാത്ത ചായപ്പെൻസിലും

വായിച്ചു നോക്കാതെ പുസ്തകങ്ങളും

നിശ്ശബ്ദത നിറഞ്ഞു വീർത്ത നിലവിളിയും

ഇരുട്ടുമായാത്ത,കനച്ച പകലുമായിരുന്നു

എനിക്കെന്റെ അച്ഛൻ......

എന്നാൽ അമ്മ....

സീമന്ത രേഖയിലെ രക്തചാർത്തിനെ

നിലവിളികളില്ലാത്ത മൗനത്തെ,

എണ്ണിത്തീരാതെ പോയ മണൽത്തരികളെ,

ഞാൻ വായിച്ചെടുത്ത

ഒരേ ഒരു പുസ്തകം,

വെളിച്ചമകറ്റി അച്ഛൻ പടിയിറങ്ങുമ്പോൾ,

ഞാൻ -പാതി വരച്ചിട്ട ഒരു ചിത്രം മാത്രം!

അതിൽ ചായം പകർന്നത് അമ്മയാണ്,

എന്റെ അമ്മ..

എന്റെ ശിശിരത്തെ വസന്തമാക്കിയവൾ ....

ശ്രീ ലക്ഷ്മി എസ്

10 എ

# സൗഹൃദം

നിലാവിന്റെ ശോഭയിൽ മയങ്ങുന്ന രാത്രിയിൽ

എന്റെ സ്വപ്നത്തിൽ തോഴിയായ് വന്നവൾ നീ

വന്നടുക്കുമ്പോഴും ചങ്ങാത്തം കൂടുമ്പോഴും

പിരിയുവാൻ വയ്യാത്ത കൂട്ടുകാർ നാം

പിരിയാതെ എന്നെന്നും കൈകോർക്കും നാം

ഞെട്ടി ഉണർന്നപ്പോൾ മിഴി തുടച്ചു ഞാൻ

ഇനിയും കിനാവുകൾ കാണുമെന്നാൽ

നീ മാത്രമാണതിൽ നിത്യരൂപം

സങ്കൽപമായൊരു സൗഹൃദമെങ്കിലും

എൻ ഹൃദയം നിനക്കായ് മിടിക്കും തോഴീ


എൻ ജീവിതം നിനക്കായ് ജീവിക്കും

നിനക്കു നൽകുന്നു ഞാനെൻ

ആത്മാവും സ്നേഹവും.......

ആദില സി

10 സി



# തൊഴിലിനോടുള്ള മനോഭാവം

തൊഴിലിനോട് നമ്മുടെ സമൂഹത്തിന്റെ മനോഭാവം എപ്പോഴും വ്യത്യസ്തമായിരിക്കും. ഏതു തരത്തിലുള്ള ജോലിയാണ് എല്ലാവരും ഇഷ്ടപ്പെടുന്നത്? അധ്വാനം കൂടുതലുള്ള ജോലികൾ ചെയ്യാൻ കൂടുതൽ പേർക്കും മടിയല്ലേ. ഇങ്ങനെ ധാരാളം ചോദ്യങ്ങൾ നമുക്ക് മുന്നിലുണ്ട്. നമ്മുടെ നാട്ടിൽ അധ്വാനം കൂടിയ ജോലികൾ ചെയ്യുന്നത് അന്യ സംസ്ഥാന തൊഴിലാളികളാണ് എന്നതാണ് സത്യം. കൃഷി ചെയ്യുന്നതിൽ നിന്നും മണ്ണിൽ നിന്നും ആളുകൾ അകന്നു നിൽക്കുന്നു.

മൻസൂർ.എം

10 സി

# മാതാവ്



ദുഃഖത്തിൽ വേരുകൾ

അമ്മതൻ സ്നേഹത്തിൽ

എന്നോ അലിഞ്ഞു പോയി

മറുസ്നേഹമായെനിക്കാരു തരും.......

അമ്മതൻ അമ്മിഞ്ഞപ്പാലിൽ

അലിഞ്ഞുപോയെൻ തീരാ

ദുഃഖങ്ങളൊക്കെയും നൊന്തു

പെറ്റമ്മയ്ക്കു പകരമാകാൻ

ആരുണ്ടിനിയീ ഭൂമിയിൽ.......

അമ്മതൻ താരാട്ടു പാട്ടു

കേൾക്കാനായി


കൊതിക്കുകയാണിന്നു നാം.....

അമ്മയെന്നും നമുക്കാശ്രയം

കുടുംബത്തിൻ ഏടുകൾ

ചീന്തിക്കളഞ്ഞു

GHSSPKI



അനാഥത്വത്തിൻ

വാതിൽ തുറന്നു

ബാല്യം അവശേഷിക്കുന്നിവിടെ........

സ്വാതി എൻ

10 സി

GHSSPKI

# ജീവിതം

ജീവിതം ഒരു മഹാസമുദ്രമാണ്

നീന്തിക്കടക്കുന്നവരാരുമില്ല

അറ്റം കണ്ടവരാരുമില്ല

ഈ സമുദ്രത്തിൽ

മുങ്ങിപ്പോയി പലരും

ചാടിത്തുടങ്ങുന്നിതാ ചിലർ

ചാടിയാൽ പിന്നെ

മുങ്ങലല്ലാതെ രക്ഷയില്ല

ദുഃഖം , സന്തോഷം ഇവ

സാധാരണം ,സമുദ്രത്തിൽ

കൂടെ നീന്തുവാൻ പലരുമുണ്ട്

നമ്മെ പിടിക്കുവാനാരുമില്ല

ജീവിതമെന്നയീ  സമുദ്രത്തിൽ


നീന്തിത്തുടിക്കുന്നിതാ ഞാനും

റമീന

10 സി

GHSSPKI

# എന്റെ അമ്മ



പെയ്യുന്ന മഴയിലും,തഴുകുന്ന കാറ്റിലും

നുണ പറയുന്ന  കണ്ണുകളിലും

കഥ പറയുന്ന ചുണ്ടുകളിലും

വേണ്ട നിൻ സ്പർശം

എൻെറ നാവിൻ തുമ്പിലെ ഓർമ്മയാണു നീ

എൻെറ നിശ്ചലമായ ഹൃദയത്തിലെ

തുടിപ്പാണ്....

നീറിപ്പുകയുന്ന വേദനയിലും

ഒരു നിമിഷമൊന്നോർത്തു ചിരിക്കാനുള്ള

കാരണമാണ് ....

മൂടൽമഞ്ഞിൽ ആവോളം ചൂടു പകരുന്ന

പുതപ്പാണ്.....

ഞാൻ പൂവായപ്പോൾ പൂമ്പാറ്റയായവൾ...

നീ പൊട്ടി പോവുന്ന മുത്തുകളല്ല

കൈയ്യെത്താത്ത നക്ഷത്രവുമല്ല

കാരണം ,ഇതൊക്കെ എൻെറ അമ്മയായിരുന്നു.......

ആര്യരാജ്

10 എ

GHSPKI

# CHILD MARRIAGE

Child marriage is usually refers to a social phenomena practised in some societies in India, where the young child(usually a girl below the age of fifteen) is married to an adult man. Gender inequality, social forms perceived law status of girls, poverty, lack of education, safety concerns about girl children and control over sexuality are considered to be a reason for prevalence of child marriage.

Over the past fifteen years, child marriage has declined by just 11percentage that is one percent per year. Technically, child marriage is illegal in India. A law passed in 1929, the government passed a law banning the practice, and it was updated again in 2006. Today, both women under 18 and men under 21 cannot legally get married. Parents or



**older spouses can be punished with up to two years in prison for coordinating or allowing arrangements that ignore these restrictions.**

**Despite a plunge in the rate of child marriages over the past decade, there are more underage brides in India than any other country in the world. More than a quarter of Indian girls are married by the age of 18, according to the organization** [Girls Not Brides](#)**.**

Haritha K R

9 D

# RAINBOW

It’s darkening because of rain clouds, Stella thought.

She likes to be alone

though her house is full of children of her cousins.

she likes rain.

And now the rain is going to begin.

she was to be in the terrace.... Alone.....

Looking at the dark rain clouds....

One, two, three the rain began...

First a few drops... Then an awful rain....

She wet in the rain for minutes....

she stand there without uttering a word...

The rain is lessen now....

GHSSPKI

SantaBanta.com

**The sun smiles at her behind the clouds...**

**She looked above.... Colours...violet... indigo.... blue...**

**'Rainbow'.She said to her heart...**

**all the sadness flows from her heart**

**while wondering at the wonderful**

**gift of nature....**

**AISWARYA K**

**9 C**

GHSS PKI

# POCSO

**The protection of children from sexual offences.**

**POCSO act was formed to protect children from offences of sexual abuse, sexual harassment, and pornography and to protect a child. The POCSO act was formed to strengthen legal provisions for the children below 18 years of age from sexual abuse and exploitation. Under this act if any girl under 18 is seeing abortion and service is compelled to register a complaint for sexual assault with the police.**

**The said Act defines a child as any person below eighteen years of age, and defines different forms of sexual abuse, as well as sexual harassment and pornography, and deems a sexual assault to be "aggravated" under certaincircumstances, such as when the abused child is**

mentally ill or when the abuse is committed by a person in a position of trust or authority of the child, like a family member, police officer, teacher, or doctor. People who traffick children for sexual purposes are also punishable under the provisions relating to abetment in the said Act.

The said Act prescribes stringent punishment graded as per the gravity of the offence, with a maximum term of rigorous imprisonment for life, and fine.In keeping with the best international child protection standards, the said Act also provides for mandatory reporting of sexual offences. This casts a legal duty upon a person who has knowledge that a child has been sexually abused to report the offence; if he fails to do so, he may be punished with six months‟ imprisonment and/ or a fine. The said Act also casts

**the police in the role of child protectors during the investigative process.**

**Thus, the police personnel receiving a report of sexual abuse of a child are given the responsibility of making urgent arrangements for the care and protection of the child, such as obtaining emergency medical treatment for the child and placing the child in a shelter home, should the need arise. The police are also required to bring the matter to the attention of the Child Welfare Committee (CWC) within 24 hours of receiving the report, so the CWC may then proceed where required to make further arrangements for the safety and security of the child.**

**Krishnapriya K R**

**9 D**

# സ്ക്രൂൾ പ്രവർത്തനങ്ങൾ






REDMI NOTE 6 PRO
MI DUAL CAMERA
2019/9/24 14:50






REDMI NOTE 6 PRO
MI DUAL CAMERA
2019/10/12 12:52




REDMI NOTE 6 PRO
MI DUAL CAMERA
2019/10/1 15:34





# നന്ദി

ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നസാക്ഷാത്കാരത്തിനായി എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. സുധ ടീച്ചർക്കും, ലിറ്റിൽ കൈറ്റ്സിന്റെ ചുമതല വഹിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

പോയകാലങ്ങളുടെ ഹൃദയത്തുടിപ്പുകൾക്ക് അക്ഷരങ്ങളുടെ പൊന്നണിയിച്ചുകൊണ്ടുള്ള നിറക്കൂട്ടുകൾക്ക് നന്ദി...........

ആത്മാവിലെരിയുന്ന അനുഭവങ്ങൾക്കും, ഓർമ്മകൾക്കും സർഗാത്മകതക്കും അക്ഷരവർണ്ണങ്ങൾ ചാർത്തിയവർക്കും നന്ദി..........

സഹകരിച്ചവർക്കും, പ്രോത്സാഹിപ്പിച്ചവർക്കും,നന്മയാഗ്രഹിച്ചവർക്കും, പ്രാർത്ഥിച്ചവർക്കും ഒരുപാടു നന്ദി.......